# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.200/2025** **തിരുവനന്തപുരം, തീയതി: 11.09.2025**

# പത്രക്കുറിപ്പ്

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ഐ.എം.കെ), സി.എസ്.എസ്. സ്കീമിൽ നടത്തുന്ന വിവിധ എം.ബി.എ. കോഴ്സുകളിലേക്ക് 2025-2027 ബാച്ച് പ്രവേശനത്തിന് താഴെപ്പറയുന്ന ഒഴിവുകളിലേക്ക് 2025 സെപ്റ്റംബർ 16 ന് കാര്യവട്ടം ഐ.എം.കെ. യിൽ വച്ച് രാവിലെ 11 മണി മുതൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

**Vacant seats of MBA programmes 2025-2027**

| PROGRAMME | CATEGORIES | VACANCIES |
|---|---|---|
| MBA General | ST | 1 |
| MBA Shipping & Logistics | SC | 3 |
| | ST | 1 |
| MBA Travel & Tourism | Open Category | 2 |
| | Muslim | 1 |
| | SIUC/LC/OBX | 1 |
| | SC | 6 |
| | ST | 2 |

**Vacant seats of MBA (General) (Evening Regular) Programme 2025-2027**

| PROGRAMME | CATEGORIES | VACANCIES |
|---|---|---|
| MBA General (EVENING - REGULAR) | OPEN CATEGORY | 7 |
| | SEBC – Ezhava | 2 |
| | SEBC – Muslim | 2 |
| | SEBC – OBH | 1 |
| | SEBC - SIUC/LC/OBX | 1 |
| | BPL (EWS) | 3 |
| | SC | 5 |
| | ST | 1 |

എംബിഎ (ജനറൽ), എംബിഎ (ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ്), എംബിഎ (ട്രാവൽ ആന്റ് ടൂറിസം) എന്നീ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷനിൽ പ്രവേശന പരീക്ഷാ യോഗ്യത നേടാത്ത ബിരുദധാരികൾക്കും പങ്കെടുക്കാവുന്നതാണ്. എംബിഎ - ജനറൽ (ഈവനിംഗ് – റെഗുലർ) കോഴ്സിലേക്കുള്ള സ്പോട്ട് അഡ്മിഷനിൽ ഇൻഡസ്ട്രി/സർവീസ് സെക്ടറിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉള്ള ബിരുദധാരികൾക്കു പങ്കെടുക്കാവുന്നതാണ്. സ്പോട്ട് അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1000/- രൂപയും SC/ST വിഭാഗത്തിന് 500/- രൂപയുമാണ്.

## പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2025 ആഗസ്റ്റ് 22 ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎ/ബിഎസ്‌സി/ബികോം & കരിയർ റിലേറ്റഡ് കോഴ്സുകളായ ബിഎ/ബിഎസ്‌സി/ബികോം/ബിപിഎ/ബിബിഎ/ബിസിഎ/ ബിഎംഎസ്/ ബിഎസ്ഡബ്ല്യൂ (ബിവോക് – 2024 റെഗുലർ), (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2020 – 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 – 2019 അഡ്മിഷൻ) പരീക്ഷകൾ 2025 സെപ്റ്റംബർ 26 തീയതിയിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎസ്‌സി കെമിസ്ട്രി കോർ & കോംപ്ലിമെന്ററി പ്രാക്ടിക്കൽ പരീക്ഷ തീയതി വിവിധ കോളേജുകളിൽ പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പരീക്ഷാഫലം

കേരളസർവകലാശാല 2025 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്ഡബ്ല്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് (റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 സെപ്റ്റംബർ 20 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
(**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്‌സി ഫിസിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 സെപ്റ്റംബർ 18 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷാഫീസ് **SLCM** ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പ്രാക്ടിക്കൽ/പ്രോജക്ട്/വൈവവോസി

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബികോം (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷയുടെ പ്രാക്ടിക്കൽ 2025 സെപ്റ്റംബർ 19 നും എട്ടാം സെമസ്റ്റർ ബികോം (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷയുടെ പ്രോജക്ട് വൈവവോസി 2025 സെപ്റ്റംബർ 18 നും അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
(**www.keralauniversity.ac.in**).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**